# ഭരണഭാഷ - മാതൃഭാഷ

**<u>മേലെഴുത്ത് നമ്പർ ഇഎ2/50791/23/ഡിടിഇ തീയതി: 01.12.2023</u>**

മലയാളം കേരളത്തിൻ്റെ ഔദ്യോഗികഭാഷയായിരിക്കണം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനുവേണ്ടി എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ സ്ഥാപനങ്ങളും ഭരണറിപ്പോർട്ട് നിർബന്ധമായും മലയാളത്തിൽക്കൂടി തയ്യാറാക്കണമെന്ന ഉത്തരവ് കർശനമായി പാലിക്കേണ്ടതാണെന്ന് നിർദേശിച്ചിരിക്കുന്നു. ടി സർക്കുലർ വകുപ്പിന് കീഴിലെ സ്ഥാപന/ഓഫീസ് മേധാവികളുടെ അറിവിലേക്കും തുടർ നടപടികൾക്കുമായും നൽകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും (ഡി.ടി.ഇ വെബ്സൈറ്റ് വഴി)
2. എല്ലാ ജീവനക്കാർക്കും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
3. കരുതൽ സഞ്ചയം

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 02.12.2023
Reason: Approved

Draft #1 of File EA2/50791/23/DTE Approved by Senior Administrative Officer on 02-Dec-2023 01:43 PM - Page 1

The document is digitally approved. Hence signature is not needed.

"ഭരണഭാഷ - മാതൃഭാഷ"

കേരളസർക്കാർ

നം. ഒ എൽ-3/146/2023/പി&എ ആർ ഡി

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ)വകുപ്പ്
തിരുവനന്തപുരം
തീയതി : 27-11-2023

<u>സർക്കുലർ</u>

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ഭരണറിപ്പോർട്ട് മലയാളത്തിൽക്കൂടി പ്രസിദ്ധീകരിക്കൽ - ഉത്തരവു നടപ്പിലാക്കുന്നതു സംബന്ധിച്ച്.

സൂചന :- 30/07/1983-ലെ ജി ഒ(എം എസ്)നം. 11/83/പി&എ ആർ ഡി

മലയാളം കേരളത്തിന്റെ ഔദ്യോഗികഭാഷയായിരിക്കണം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായി ഓരോ വകുപ്പും വർഷംതോറും പ്രസിദ്ധീകരിക്കുന്ന ഭരണറിപ്പോർട്ട് മലയാളത്തിൽ നിർബന്ധമായും തയ്യാറാക്കണമെന്ന് സൂചനപ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ പല വകുപ്പുകളും സ്ഥാപനങ്ങളും വാർഷികഭരണറിപ്പോർട്ട് ഇംഗ്ലീഷിൽമാത്രം പ്രസിദ്ധീകരിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ, അർധസർക്കാർ, സ്വയംഭരണ, സഹകരണ, പൊതുമേഖലാസ്ഥാപനങ്ങളും ഭരണറിപ്പോർട്ട് നിർബന്ധമായും മലയാളത്തിൽക്കൂടി തയ്യാറാക്കണമെന്ന ഉത്തരവ് കർശനമായി പാലിക്കേണ്ടതാണെന്ന് നിർദേശിക്കുന്നു.

**ഉദയകുമാർ എസ് ആർ**
**ജോയിന്റ് സെക്രട്ടറി**

എല്ലാ വകുപ്പുതലവന്മാർക്കും സർക്കാർനിയന്ത്രണത്തിലുള്ള പൊതുമേഖല, അർധസർക്കാർ, സ്വയംഭരണ, സഹകരണ, പൊതുമേഖലാസ്ഥാപനങ്ങളുടെ തലവന്മാർക്കും.
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ